Draft #2 of File 19671/AD A2-2/2020/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 11-Aug-2020 11:34 PM - Page 1

**MAHATMA GANDHI UNIVERSITY, KERALA**


## Abstract

സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ്- ന്റെ മേധാവിയായി അസ്സോസിയേറ്റ്പ്രൊഫസർ ഡോ. ബൈജു. കെ. ആർ- ന്റെ 3 വർഷത്തേക്കുള്ള നിയമനം - നിലവിലെ മേധാവി ഡോ . ഇ.വി. രാമസാമി -യുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് - സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ10 (17) പ്രകാരം വൈസ് ചാൻസിലർ അനുമതി നൽകി ഉത്തരവാകുന്നു .


**ADMINISTRATION A 2 SECTION**

No. 3639/AD A 2/2020/MGU — Priyadarsini Hills,Dated: 13.08.2020

*Read:*-1 .യു.ഓ. നം 1693 / എ 2 /1/ 2017 /ഭ.വി തീയതി. 20/03/ 2017

2 . യു.ഓ.നം . ACL/1/1439/S/14/2000-Vol II Dated: 14/08/2006

## ORDER

മേൽ പരാമർശം 1 പ്രകാരം സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിന്റെ മേധാവിയായി പ്രൊഫസർ ഡോ. ഇ.വി. രാമസാമി-യെ 23.02.2017 മുതൽ 3 വർഷത്തേയ്ക്ക് നിയമിക്കുകയുണ്ടായി. ഡോ. ഇ.വി. രാമസാമിയുടെ നിയമന കാലാവധി 21.02.2020- ൽ അവസാനിച്ചിരുന്നുവെങ്കിലും, പുതിയ മേധാവിയെ നിയമിക്കാത്തതിനാൽ അദ്ദേഹം നിലവിൽ തൽസ്ഥാനത്ത് ഉടരുകയാണ്.

പരാമർശം 2 പ്രകാരം ഡിപ്പാർട് മെന്റിലെ സീനിയോറിറ്റി അടിസ്ഥാനത്തിൽ റൊട്ടേഷൻ വ്യവസ്ഥയിൽ അധ്യാപകരെ 3 വർഷത്തേക്ക് വകുപ്പ് മേധാവിയുടെ സ്ഥാനത്തേക്ക് സിണ്ടിക്കേറ്റ് നാമനിർദേശം ചെയ്യേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ നിലവിൽ സേവനം ചെയ്യുന്ന അധ്യാപകരുടെ മുൻഗണന പട്ടികയിൽ അടുത്ത സീനിയർ അദ്ധ്യാപകനായ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ബൈജു കെ. ആർ -നെ മൂന്ന് വർഷത്തേക്ക് പ്രസ്തുത വകുപ്പിന്റെ മേധാവിയായി ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ടും, നിലവിലെ വകുപ്പ് മേധാവിയായ ഡോ.ഇ.വി.രാമസാമി -യുടെ കാലാവധി 22.02.2020 മുതൽ പുതിയ വകുപ്പ് മേധാവി ചുമതല ഏറ്റെടുക്കുന്നതുവരെ ദീർഘിപ്പിച്ചു നൽകികൊണ്ടും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ10 (17) അനുവദിച്ചിട്ടുള്ള സവിശേഷാധികാരം ഉപയോഗിച്ച് വൈസ്ചാൻസലർ ഉത്തരവായിരിക്കുന്നു .

ഡോ .ബൈജു .കെ .ആർ -ന്റെ വകുപ്പ് മേധാവിയായുള്ള ചുമതല ഏറ്റെടുക്കൽ, ഡോ.ഇ.വി.രാമസാമി-യുടെ വകുപ്പ് മേധാവി സ്ഥാനത്തു നിന്നുള്ള വിടുതൽ വിവരങ്ങൾ രജിസ്ട്രാർക്ക് താമസം വിനാ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഡോ .ബൈജു .കെ .ആർ -ന്റെ നിയമനം ചുമതല ഏറ്റെടുക്കുന്ന തീയതി മുതൽ 3 വർഷത്തേക്കായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

RAMESAN P

ASSISTANT REGISTRAR II (ADMIN)

Copy To

1.ഡോ. ഇ.വി. രാമസാമി , പ്രൊഫസർ, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ്.

2.ഡോ. ബൈജു കെ.ആർ. ,അസ്സോസിയേറ്റ് പ്രൊഫെസ്സർ, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ്.

3.വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

4. റെജിസ്ട്രർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ

5. AO, School of Environmental Sciences.

6. ഫിനാൻസ് I/ P&D II/ FCC /Ad.D

7. ജെ ഡി, കെ.എസ്.എ./ IQAC

8. CMS /ഓഡിറ്റ് സെക്ഷൻ

9. സ്റ്റോക്ക് ഫയൽ .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 19671/AD A2-2/2020/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 11-Aug-2020 11:34 PM - Page 2